# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 25



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664
www.sabarimala.kerala.gov.in
prdsabarimala2021@gmail.com

### അന്നദാനശാലയിൽ തിരക്കേറുന്നു; അന്നമൂട്ടുന്നത് പ്രതിദിനം പതിനായിരത്തോളം ഭക്തർക്ക്

അയ്യപ്പഭക്തരുടെ ഒഴുക്കാരംഭിച്ചതോടെ ശബരിമല സന്നിധനത്തും പമ്പയിലുമുള്ള അന്നദാനശാലകളിൽ തിരക്കേറുന്നു. പ്രതിദിനം പതിനായിരത്തോളം അയ്യപ്പഭക്തർക്കാണ് സന്നിധാനത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അന്നദാനശാല ആതിഥ്യമരുളുന്നത്. മണ്ഡലപൂജയ്ക്ക് തിരക്കേറുമെന്നതിനാൽ ഇന്നും നാളെയും കൂടുതൽ ഭക്തർ അന്നദാന മണ്ഡപത്തിലേക്ക് എത്തുമെന്നാണ് കണക്കാക്കുന്നത്.

രാവിലെ ആറിന് ആരംഭിക്കുന്ന പ്രവർത്തനം രാത്രി 10.30 വരെ നീ ുനിൽക്കും. പുലർച്ചെ ദർശനം കഴിഞ്ഞ് എത്തുന്ന ഭക്തരെക്കാത്ത് ആറിന് മുമ്പുതന്നെ പ്രഭാതഭക്ഷണമായി ഉപ്പുമാവും കടലക്കറിയും തയാറായിരിക്കും. രാവിലെ 11 വരെ പ്രഭാതഭക്ഷണം. ഉച്ചയ്ക്ക് 12 മുതൽ മൂന്ന് മണിവരെ പുലാവാണ് ഭക്ഷണമായി നൽകുന്നത്. വൈകിട്ട് ആറ് മുതൽ സായാഹ്നഭക്ഷണം നൽകും. ഹരിവരാസനം പാടി നട അടക്കുന്നതുവരെ രാത്രിഭക്ഷണം ലഭിക്കും. കഞ്ഞിയും പയറും പുലാവുമെല്ലാം ഈ സമയത്ത് ഭക്തർക്ക് ലഭിക്കും.

ഹോട്ടലുകളൊന്നും ഇല്ലാതിരുന്ന കാലത്താണ് അന്നദാന ശാലയെന്ന ആശയം ശബരിമലയിൽ നടപ്പാക്കുന്നത്. വൈകാതെതന്നെ ഭക്തർക്ക്

വിശ്വസ്തതയോടെ ആശ്രയിക്കാൻ കഴിയുന്ന ഭക്ഷണശാലയായി അന്നദാനശാല മാറുകയും ചെയ്തു. ഒരു ദിവസം 40,000 പേർക്കുവരെ ആതിഥ്യമരുളാനുള്ള ശേഷി ഇന്ന് ഈ മണ്ഡപത്തിനു ്. കോവിഡ് സാഹചര്യങ്ങൾ ഭക്തരുടെ എണ്ണത്തിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടും ഒരുനേരം 2500 ഓളം പേർ അന്നദാന ശാലയിലത്തുന്നുവെന്നാണ് കണക്ക്.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.